പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 222

# 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 222

2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

840/2008.

# 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനും അതിലെ കർഷക പ്രാതിനിധ്യം വർദ്ധിപ്പിക്കേണ്ടത് ആവശ്യമായി സർക്കാർ കരുതുന്നതിനാൽ ;

ഭാരത റിപ്പബ്ളിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2007 മേയ് 22-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2007-ലെ 1) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ,—

(1) ''അഞ്ച് അംഗങ്ങൾ'' എന്ന വാക്കുകൾക്ക് പകരം, ''ഏഴ് അംഗങ്ങൾ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) (iii)-ാം ഇനത്തിൽ ''രണ്ട് കർഷക പ്രതിനിധികൾ'' എന്ന വാക്കുകൾക്ക് പകരം, ''നാല് കർഷക പ്രതിനിധികൾ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

3. റദ്ദാക്കലും ഒഴിവാക്കലും.—2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2008-ലെ 35) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ അല്ലെങ്കിൽ എടുത്തതോ എടുത്തതായി കരുതപ്പെട്ടതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ അല്ലെങ്കിൽ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

840/2008.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനും അതിലെ കർഷക പ്രാതിനിധ്യം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിനും സത്വര നിയമനിർമ്മാണം നടത്തേണ്ട സാഹചര്യം നിലനിന്നിരുന്നതിനാലും കേരള ഗവർണ്ണർ 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2007-ലെ 41) 2007 മേയ് മാസം 22-ാം തീയതി വിളംബരപ്പെടുത്തുകയും 2007 മേയ് 22-ാം തീയതിയിലെ 948-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2007-ലെ 41-ാം നമ്പർ ഓർഡിനൻസിന് പകരം കേരള സംസ്ഥാന നിയമ സഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ 2007 ജൂൺ 19-ാം തീയതി ആരംഭിച്ച് 2007 ജൂലൈ 26-ാം തീയതി അവസാനിച്ചതായ കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല. ആയതിനാൽ 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2007-ലെ 57) 2007 ജൂലൈ മാസം 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, 2007 ജൂലൈ 30-ാം തീയതിയിലെ 1417-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2007-ലെ 57-ാം നമ്പർ ഓർഡിനൻസിന് പകരം കേരള സംസ്ഥാന നിയമ സഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 136-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2007 സെപ്റ്റംബർ 4-ാം തീയതി ആരംഭിച്ച് 20-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല. ആയതിനാൽ 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2007-ലെ 59), 2007 ഒക്ടോബർ മാസം 15-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, 2007 ഒക്ടോബർ മാസം 15-ാം തീയതിയിലെ 1854-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2007-ലെ 59-ാം നമ്പർ ഓർഡിനൻസിന് പകരം കേരള സംസ്ഥാന നിയമ സഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 145-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2008 ഫെബ്രുവരി 20-ാം തീയതി ആരംഭിച്ച് മാർച്ച് മാസം 19-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല. ആയതിനാൽ 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2008-ലെ 8), 2008 ഏപ്രിൽ മാസം 1-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, 2008 ഏപ്രിൽ മാസം 1-ാം തീയതിയിലെ 659-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.



6. 2008-ലെ 8-ാം നമ്പർ ഓർഡിനൻസിന് പകരം കേരള സംസ്ഥാന നിയമ സഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 213-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2008 ജൂൺ മാസം 23-ാം തീയതി ആരംഭിച്ച് ജൂലൈ മാസം 24-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല. ആയതിനാൽ 2008-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2008-ലെ 35), 2008 ആഗസ്റ്റ് മാസം 1-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, 2008 ആഗസ്റ്റ് മാസം 2-ാം തീയതിയിലെ 1685-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ 3-ാം വകുപ്പ് ഭേദഗതി ചെയ്ത് കമ്മീഷൻ അംഗങ്ങളുടെ എണ്ണം അഞ്ചിൽ നിന്നും ഏഴായി വർദ്ധിപ്പിക്കുവാൻ ബില്ലിലെ 2-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. കമ്മീഷൻ ശാശ്വത പിന്തുടർച്ചാവകാശത്തോടുകൂടിയ ഒരു നികായമായിരിക്കുന്നതും അതിന്റെ അംഗങ്ങൾക്ക് ഓണറേറിയവും യാത്രാബത്തയും ദിനബത്തയും ആവശ്യമായി വരുന്നതുമാകുന്നു.

2. ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽകൊണ്ടുവരുകയും ചെയ്യുമ്പോൾ കമ്മീഷന് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ ആവശ്യമായേക്കാവുന്ന മേൽപ്പറഞ്ഞ ചെലവുകൾ വഹിക്കുന്നതിനുള്ള ഫണ്ട് സർക്കാർ നൽകേണ്ടതായിട്ടുണ്ട്. എന്നാൽ ഇതിനാവശ്യമായ യഥാർത്ഥ തുക യാതൊരു വിധത്തിലും കൃത്യമായി കണക്കാക്കാൻ ഇപ്പോൾ കഴിയുന്നതല്ല. എന്നിരുന്നാലും ഒരംഗത്തിന് ഓണറേറിയം ഇനത്തിൽ പ്രതിമാസം 10,000 രൂപ നിരക്കിൽ രണ്ട് അംഗങ്ങൾക്ക് ഒരു വർഷത്തേക്ക് 2,40,000 രൂപയും കൂടാതെ യാത്രാബത്തയും ദിനബത്തയും നൽകേണ്ടതുണ്ട്. ആവർത്തകവും അനാവർത്തകവുമായ തരത്തിൽ ആകെ പ്രതിവർഷം പ്രതീക്ഷിക്കുന്ന ഏറ്റവും കുറഞ്ഞ ശരാശരി ചെലവ് താഴെ പറയും പ്രകാരമാകുന്നു :—

| | | | |
|---|---|---|---|
| ആവർത്തക ചെലവ് | - | 20,00,000 | രൂപ |
| അനാവർത്തക ചെലവ് | - | 8,00,000 | രൂപ |
| ആകെ | - | 28,00,000 | രൂപ |

കെ. പി. രാജേന്ദ്രൻ

## 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ പ്രസക്ത ഭാഗങ്ങൾ

## (2007-ലെ 1-ാം നമ്പർ ആക്റ്റ്)

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

** ** **

3. കമ്മീഷന്റെ രൂപീകരണം.—(1) സർക്കാർ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നശേഷം കഴിയുന്നത്ര വേഗം ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും വേണ്ടി ''കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ'' എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷൻ അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കേണ്ടതാണ്, അതായത്:—

(i) റിട്ടയർ ചെയ്ത ഒരു ഹൈക്കോടതി ജഡ്ജി : ചെയർമാൻ

(ii) ഒരു കാർഷിക വിദഗ്ദ്ധൻ : അംഗം

(iii) രണ്ട് കർഷക പ്രതിനിധികൾ : അംഗങ്ങൾ

(iv) സാമ്പത്തിക-സഹകരണമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഒരാൾ : അംഗം

(3) ചെയർമാനെയും അംഗങ്ങളെയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(4) സർക്കാരിന്, നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ കമ്മീഷനെ സഹായിക്കുന്നതിന് ഒരു സെക്രട്ടറിയെയും ആവശ്യമായേക്കാവുന്ന മറ്റു ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സെക്രട്ടറിയും മറ്റു ജീവനക്കാരും അവരുടെ കർത്തവ്യനിർവ്വഹണത്തിൽ ചെയർമാന്റെ ഭരണനിയന്ത്രണത്തിന് വിധേയരായിരിക്കുന്നതാണ്.

** ** **